പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

14/07/2016 ൽ
മറുപടിക്ക്

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ 182

## പൊതുമേഖലാ വ്യവസായ യൂണിറ്റുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി.കെ.സി.മമ്മത് കോയ;<br>ശ്രീ.എസ്.ശർമ്മ ;<br>ശ്രീ. സി.കൃഷ്ണൻ;<br>ശ്രീ. കെ.കെ.രാമചന്ദ്രൻ നായർ | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി) |
| എ) പൊതുമേഖലാ വ്യവസായ യൂണിറ്റുകൾ പുനരുദ്ധരിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും പ്രത്യേക പരിഗണന നൽകുമോയെന്ന് വ്യക്തമാക്കുമോ; | എ) വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻ കാല പ്രവർത്തനങ്ങളും, ഇപ്പോഴത്തെ അവസ്ഥയും വിശകലനം ചെയ്ത് നഷ്ടത്തിലായ ഓരോ സ്ഥാപനത്തിനേയും ലാഭകരമാക്കുന്നതിനും ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലാഭം ദീർഘകാലത്തേയ്ക്ക് ഉറപ്പിൽ വരുത്തുന്നതിനും വേണ്ട നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. ഈ നടപടികൾ ത്വരിതപ്പെടുത്തുന്നതിലേക്കായി പൊതുമേഖലാ വ്യവസായ പുന:സംഘടന ബോർഡ് (റിയാബ്) ഈ സർക്കാർ ഇതിനകം തന്നെ പുന:സംഘടിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 42 സ്ഥാപനങ്ങളുടെയും പ്രാഥമിക അവലോകനയോഗങ്ങൾ റിയാബ് ചെയർമാന്റെ നേതൃത്വത്തിൽ നടന്നുകഴിഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ സ്ഥാപനങ്ങളുടെയും കാര്യക്ഷമമായ പ്രവർത്തനത്തിനായി ആധുനികവത്ക്കരണവും, വിപുലീകരണവും, ഉൽപ്പാദന വൈവിധ്യവത്ക്കരണവുമുൾപ്പെടെ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച വ്യക്തമായ നയങ്ങൾ രൂപീകരിച്ചുവരുന്നു. |
| ബി) വ്യവസായ,കരകൗശല മേഖലകളിൽ സത്വരവും ഊർജ്ജസ്വലവുമായ വളർച്ചയ്ക്ക് സഹായകരമാകുന്നതിനും കാര്യക്ഷമവും അനുകൂലവുമായ സാഹചര്യം സൃഷ്ടിക്കുന്നതിനും എന്തെല്ലാം നടപടികൾ | ബി) കരകൗശല മേഖലയിൽ സത്വരവും ഊർജ്ജസ്വലവുമായ വളർച്ചയ്ക്കും അനുകൂല സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനുമായി സർക്കാർ ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചുവരുന്നു. കരകൗശല തൊഴിലാളികളുടെ ഉന്നമനത്തിനായി കരകൗശല വ്യവസായ ക്ലസ്റ്ററുകൾ |

| | |
|---|---|
| സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | രൂപീകരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കരകൗശല മേഖലയിലെ പൊതുമേഖലാ സ്ഥാപനമായ കേരള കരകൗശല വികസന കോർപ്പറേഷൻ കരകൗശല തൊഴിലാളികൾ ഉൽപാദിപ്പിക്കുന്ന കരകൗശല ഉൽപ്പന്നങ്ങൾ വാങ്ങി. കോർപ്പറേഷന്റെ വിൽപ്പനശാലകൾവഴി വിറ്റഴിക്കുന്നു. കരകൗശലതൊഴിലാളികൾക്ക് ഉൽപ്പന്നങ്ങൾ നിർമിക്കുന്നതിനുള്ള സൗകര്യങ്ങൾ കോർപ്പറേഷനു കീഴിലുള്ള പൊതു സേവനകേന്ദ്രംവഴി നൽകിവരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ എക്സിബിഷനുകൾ, ക്രാഫ്റ്റ് ബസാറുകൾ എന്നിവ സംഘടിപ്പിച്ച കരകൗശല തൊഴിലാളികളുടെ ഉൽപ്പന്നങ്ങൾ നേരിട്ട് വിപണനം നടത്തുന്നതിനുള്ള സാഹചര്യം ഒരുക്കി കൊടുക്കുന്നു. ദേശീയ പിന്നോക്ക വിഭാഗ സാമ്പത്തിക വികസന കോർപ്പറേഷന്റെ സഹായത്തോടെ കരകൗശല തൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായിപ ലഭ്യമാക്കി വരുന്നു. കരകൗശല തൊഴിലാളികൾക്കായി വിവിധ പരിശീലന പരിപാടികൾ കോർപ്പറേഷൻ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ